**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കോട്ടക്കൽ നഗരസഭ - 15 താൽക്കാലിക ബിൽ കളക്ടർമാരുടെ സേവനകാലാവധി ദീർഘിപ്പിക്കുന്നതിന് - അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ) നം.1258/2017/തസ്വഭവ. തീയതി, തിരുവനന്തപുരം, 20.04.2017.

---

പരാമർശം : 1. 31.10.2016 തീയതിയിലെ സ ഉ (സാധാ) നം. 2965/2016/തസ്വഭവ

2. കോട്ടക്കൽ നഗരസഭ ചെയർമാന്റെ 22.02.2017 തീയതിയിലെ R1-11745/16 നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം 1 പ്രകാരം കോട്ടക്കൽനഗരസഭയിൽ നിയമിതരായ 15 താൽക്കാലിക ബിൽ കളക്ടർമാരുടെ സേവനകാലാവധി 26.03.2017 ന് അവസാനിക്കുന്നതിനാൽ മൂന്ന് മാസക്കാലത്തേക്കുകൂടി ടിയാളുകളുടെ സേവനം ദീർഘിപ്പിക്കുന്നതിന് അനുമതി നൽകി ഉത്തരവാകണമെന്ന് കോട്ടക്കൽ നഗരസഭ ചെയർമാൻ പരാമർശം രണ്ടിലെ കത്ത് പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോട്ടക്കൽനഗരസഭയിൽ താൽക്കാലിക ബിൽ കളക്ടർമാരെ നിയമിക്കേണ്ടതിന്റെ ആവശ്യകത കത്തിൽ വിവരിച്ചിരിക്കുന്നത് പരിഗണിച്ച് ദിവസവേതനാടിസ്ഥാനത്തിൽ നിയമനം സംബന്ധിച്ച് നിലവിലുള്ള നിബന്ധനകൾക്ക് വിധേയമായി ഇതിലേക്കാവശ്യമായ ചെലവ് നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും വഹിക്കണമെന്നുള്ള വ്യവസ്ഥയിൽ കോട്ടക്കൽനഗരസഭയിൽ നിയമിതരായ 15 ബിൽ കളക്ടർമാരുടെ സേവനകാലാവധി 26.03.2017 മുതൽ മൂന്ന് മാസക്കാലത്തേക്കുകൂടി ദീർഘിപ്പിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**എസ്. മോഹൻദാസ്**

ജോയിന്റ് സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്തിരുവനന്തപുരം.

നഗരസഭ ചെയർമാൻ, കോട്ടക്കൽ നഗരസഭ

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ